# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.899 03.12.2014 ൽ മറുപടിക്ക്

### മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പും ജനങ്ങളുടെ ആശങ്കകളും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എളമരം കരീം<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ.കെ. സുരേഷ് കുറുപ്പ്<br>ശ്രീ.ജെയിംസ് മാത്യു | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ്മന്ത്രി) |
| (എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പുയർത്താനുള്ള സുപ്രീംകോടതി വിധിയെ തുടർന്ന് ജനങ്ങളുടെ ജീവനും സ്വത്തിനും നേരേ ഉയർന്ന ഭീഷണി പരിഗണിച്ച് പുന:പരിശോധനാ ഹർജി നൽകുമെന്ന ഉറപ്പ് പാലിച്ചോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ; | (എ) | ഉറപ്പ് പാലിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ ബഹു.സുപ്രീംകോടതി പുറപ്പെടുവിച്ച 07.05.2014 ലെ വിധിന്യായത്തിനെതിരെ കേരളം 30.06.2014 ൽ റിവ്യൂഹർജി ബഹു.സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.<br>പ്രസ്തുത റിവ്യൂഹർജി 2014 ഡിസംബർ രണ്ടാം തീയതിയിലേക്കുള്ള (02.12.2014 ലെ) പരിഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് സുപ്രീംകോടതിയിലെ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കോൺസൽ (Standing Counsel) അറിയിച്ചിട്ടുണ്ട്. |
| (ബി)നാല്പതുലക്ഷത്തോളം വരുന്ന ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനം ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയത്തിന്മേൽ സർക്കാർ സ്വീകരിച്ച തുടർനടപടികൾ അറിയിക്കാമോ;<br><br>(സി)രാഷ്ട്രീയ പരിഹാരത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; പുതിയ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ ഈ പ്രശ്നം കൊണ്ടുവന്നോ; പ്രതികരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ? | (ബി)<br>&<br>(സി) | മുല്ലപ്പെരിയാർ വിഷയത്തിൽ കേരള നിയമസഭ 09.06.2014 ൽ പാസ്സാക്കിയ ഉപക്ഷേപം സംബന്ധിച്ച വിശദവിവരങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നിയമസഭയുടെ പ്രസ്തുത ഉപക്ഷേപത്തിൻമേലുള്ള തുടർനടപടികൾ കേരളം സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള റിവ്യൂഹർജിയിൻമേൽ തീരുമാനമായശേഷം സ്വീകരിക്കുന്നതായിരിക്കും ഉചിതമെന്ന വിദഗ്ദ്ധോപദേശത്തിന്റെ അടിസ്ഥാനത്തിൽ നിയമസഭയുടെ നിർദ്ദേശപ്രകാരം ഭരണഘടനയുടെ 143- ാം അനുച്ഛേദം അനുസരിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ